DESPATCHED
On 05/06/2020

24/02/2020

1


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No.1863(4)/2015/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.12208/എസ്.ഐ.സി–ജി 2/2015)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മുഹമ്മദ് നാസർ,
കിണറ്റിൻകരയിൽ ഹൗസ്,
ഇടക്കുന്നം പി.ഒ, പാറത്തോട്,
കോട്ടയം–686 512. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ലേബർ ഓഫീസർ,
ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം,
കോട്ടയം.
2. അപ്പീൽ അധികാരി &
ജില്ലാ ലേബർ ഓഫീസർ,
ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം,
കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.05.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.07.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.07.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22.07.2015 |

ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 02.05.2015 ൽ ഒന്നാം എതിർ കക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത ഫീസ് അടച്ചില്ല (അഞ്ച് രൂപയുടെ ഫീസേ അടച്ചിരുന്നുള്ളൂ) എന്ന കാരണം പറഞ്ഞ് അപേക്ഷ നിരസിച്ചുവെന്നും, അതിനുശേഷം 09.06.2015 ൽ ജില്ലാ ലേബർ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും, കൃത്യമായ മറുപടി ലഭിച്ചില്ലെന്നും, അതുകൊണ്ട് ടി ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടാണ് ടിയാൻ 20.07.2015 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതിന്മേൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഒന്നാം എതിർകക്ഷി 13.08.2015 ൽ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ നിശ്ചിത ഫീസിനുള്ള കോർട്ട് ഫീ സ്റ്റാമ്പില്ലാതിരുന്നതിനാൽ, ടി വിവരം കാണിച്ച് 15.05.2015 ൽ അപേക്ഷകന് കത്തയക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ 09.06.2015 ൽ സമർപ്പിച്ച കത്തിനൊപ്പം നിശ്ചിത ഫീസിനുള്ള കോർട്ട് ഫീ സ്റ്റാമ്പ് ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ പറഞ്ഞു. പിന്നീട് 17.07.2015 ൽ ടിയാന് മറുപടി നൽകിയിട്ടുള്ളതും, ഓഫീസിൽ ലഭ്യമല്ലാതിരുന്ന വിവരങ്ങൾ അപേക്ഷകന് നൽകുന്നതിനു വേണ്ടി ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, പത്തനംതിട്ടയ്ക്കും, ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയത്തിനും അപേക്ഷയുടെ പകർപ്പു സഹിതം അയച്ചിട്ടുള്ളതും, ടി വിവരം അപേക്ഷകന് അയച്ച കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും ആണെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. 2012 മുതൽ 15 വരെയുള്ള കാലായളവിലെ വിവരങ്ങൾ

ശേഖരിച്ചു നൽകേണ്ടി വന്നതിനാലാണ് മറുപടി നൽകുന്നതിൽ ഏഴുദിവസത്തെ കാലതാമസമുണ്ടായതെന്നും, ഇത് മന:പൂർവ്വമല്ല എന്നതുകൊണ്ട് മാപ്പാക്കണമെന്നും റിപ്പോർട്ടിൽ തുടർന്നു പറഞ്ഞിട്ടുണ്ട്.

4. ഇതിനുശേഷം 17.01.2019 ൽ കമ്മീഷൻ കോട്ടയം കളക്ടറേറ്റിൽ ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിങ്ങിൽ പങ്കെടുത്തു.

5. തൃപ്തികരമല്ലാത്ത മറുപടി നൽകിയതിനും, അത് വൈകിച്ചതിനും എതിർകക്ഷികൾക്കെതിരെ നടപടിയെടുക്കണമെന്ന് അപ്പീൽ ഹർജിക്കാരൻ ഹിയറിങ്ങിൽ ആവശ്യപ്പെട്ടു.

6. ഒന്നാം എതിർകക്ഷി, നേരത്തെ റിപ്പോർട്ടിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ഹിയറിങ്ങിലും ആവർത്തിച്ചു.

7. ഈ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ ആഗ്രഹിക്കുന്ന തരത്തിൽ ആദ്യം തന്നെ മറുപടി ലഭിക്കാതിരുന്നത് ടിയാൻ അപേക്ഷയിൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിക്കാതിരുന്നതുകൊണ്ടാണ്. അതു പരിഹരിക്കണമെന്ന് ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ടത് ന്യായയുക്തമാണെന്ന് കമ്മീഷൻ കരുതുന്നു.

8. പിന്നീട് ഈ പോരായ്മ പരിഹരിച്ച് അപേക്ഷ നൽകിയതിനുശേഷം ലഭിച്ച മറുപടി ഒരാഴ്ച വൈകി എന്നതാണ് അപ്പീൽ ഹർജിക്കാരന്റെ പരാതി. എന്നാൽ ഇതിനുശേഷം ടിയാൻ ഒന്നാം അപ്പീൽ നൽകാതെയാണ് രണ്ടാം അപ്പീൽ അധികാരിയായ കമ്മീഷനെ സമീപിച്ചത്. എന്നാൽപ്പോലും കമ്മീഷൻ ടിയാന്റെ അപ്പീൽ

ഹർജിയോട് ഉദാരമായ സമീപനം സ്വീകരിച്ചാണ് ഇത് പരിഗണിച്ചത്.

9. അപ്പീൽ ഹർജിക്കാരന്റെ മൊഴിയിൽ നിന്ന് കമ്മീഷനു മനസിലായത്, ടിയാന് മറുപടി ലഭിക്കുകയെന്ന പ്രാഥമികമായ ആവശ്യത്തിനപ്പുറം, എസ്.പി.ഐ.ഒ യ്ക്കെതിരെ നടപടിയെടുക്കണമെന്ന വാശിയാണുള്ളതെന്നാണ്. മറുപടി ഒരാഴ്ച വൈകിയതിന് എസ്.പി.ഐ.ഒ ന്യായമായ കാരണം പറഞ്ഞിട്ടുമുണ്ട്.

10. ആയതുകൊണ്ട്, താരതമ്യേന ചെറിയ ഒരു പിഴവിന്റെ പേരിൽ മാത്രം ബന്ധപ്പെട്ട എസ്.പി.ഐ.ഒ യെ ശിക്ഷിക്കണമെന്ന അപ്പീൽ ഹർജിക്കാരന്റെ വാദം അംഗീകരിക്കാൻ കമ്മീഷന് കഴിയില്ല.

11. ഇതിനകം മറുപടി ലഭ്യമാക്കി കഴിഞ്ഞ സാഹചര്യത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 24.02.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

കെ.വി. സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

re

DESPATCHED
08/06/2020
24/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1571(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10094/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സി.കെ. ആനന്ദൻപിള്ള,
എഡിറ്റർ,
സാഹിത്യ വിമർശനം,
തൃശ്ശൂർ – 680 005.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) കാര്യാലയം,
കോട്ടയം – 686 002.

2. അപ്പീൽ അധികാരി &
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) കാര്യാലയം,
കോട്ടയം – 686 002.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.06.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 12.05.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 15.05.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 11.04.15ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത കാലയളവിനുള്ളിൽ മറുപടി ലഭിക്കാതിരുന്നതിനെ തുടർന്ന് 23.05.15ൽ അപ്പീൽ നൽകിയെന്നും, അതിന് 08.06.15ൽ ലഭിച്ച മറുപടിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉണ്ടായിരുന്നില്ലെന്നും ആരോപിച്ചാണ് കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.01.19ൽ കോട്ടയം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരന്റെ 03.04.15ൽ കമ്മീഷനു സമർപ്പിച്ച അപേക്ഷ ഓഫീസിൽ ലഭിച്ചതിനെ തുടർന്ന് 01.06.15ൽ CS-3094/15 നമ്പരിലുള്ള മറുപടി സഹകരണ സംഘം രജിസ്ട്രാർക്കും പകർപ്പ് ശ്രീ. ആനന്ദൻപിള്ള (അപ്പീൽ ഹർജിക്കാരൻ) യ്ക്കും നൽകിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകി. പിന്നീട് കമ്മീഷന്റെ 03.07.15ലെ കത്തു പ്രകാരം 15.07.15ൽ CS-5087/15 നമ്പരായുള്ള മറുപടി അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ടിയാൻ പറഞ്ഞു. ഇങ്ങനെ നൽകിയ മറുപടിയുടെ പകർപ്പുകളും ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

4. ഇവയെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. ഈ മറുപടിയെല്ലാം ലഭിക്കുന്നതിനും മുമ്പാണ് 12.05.15ൽ ടിയാൻ കമ്മീഷന് അപ്പീൽ നൽകിയത്. അതുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും പകർപ്പുകളും ഇതിനകം ടിയാന് ലഭ്യമായിട്ടുണ്ട് എന്ന് കമ്മീഷൻ കരുതുന്നു. അതുകൊണ്ടു തന്നെയാവണം ടിയാൻ കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാതിരുന്നത് എന്നും കമ്മീഷൻ വിലയിരുത്തുന്നു.

5. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 24–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.